# കർഷകരുടെ ശക്തിയായി ഒരു കർഷകപ്രസ്ഥാനം

**കേ**രളത്തിൽ കർഷകപ്രസ്ഥാനങ്ങൾ അനവധിയുണ്ട്, കർഷകസമരങ്ങളും. അവയെല്ലാം രാഷ്ട്രീയ പോഷക സംഘടനകളോ, രാഷ്ട്രീയ പ്രേരിതങ്ങളോ ആണ്. പ്രശ്നങ്ങൾ യാഥാർഥ്യബോധത്തോടെ തിരിച്ചറിയുന്നതിനോ, ധാർമികാവശ്യങ്ങൾക്കായി പടപൊരുതുന്നതിനോ കർഷകർക്കായി മാത്രം ഒരു സംഘടനയില്ല. രാഷ്ട്രീയ പാർട്ടികളുടെ വോട്ടുബാങ്കായിനിന്നു കൊടുക്കുന്നതിനും അധികാരത്തിലിരിക്കുന്ന രാഷ്ട്രീയക്കാരൻ കൊണ്ടുവരുന്ന പരിഷ്കാരങ്ങളുടെ ഭാരം പേറുന്നതിന് മുതുകുകാണിച്ചു കൊടുക്കുന്നതിനും പ്രതിപക്ഷത്തിന്റെ സമരായുധമാകുന്നതിനും മാത്രം സംഘടിപ്പിക്കപ്പെട്ടവ മാത്രമാണ് കേരളത്തിലെ കർഷക പ്രസ്ഥാനങ്ങൾ.

എ.സി. വർക്കിയുടെ കഠിനപ്രയത്നത്താൽ വയനാട്ടിലെ നടവയലിൽനിന്നും രൂപമെടുത്ത 'ഫാമേഴ്സ് റിലീഫ് ഫോറം' നിലവിലുള്ള നമ്മുടെ കർഷക പ്രസ്ഥാനങ്ങൾക്ക് അപവാദമാണ്. വയനാട്ടിലെ കർഷകരുടെ പ്രശ്നങ്ങളുമായി സർക്കാരുകളോട് നിരന്തരമായി നിയമയുദ്ധത്തിലൂടെ വളർന്നുവന്ന് സംസ്ഥാനമാകെ വ്യാപിച്ചുകൊണ്ടിരിക്കുന്ന ഈ സംഘടന ഓരോ കർഷകനും സ്വന്തം അനുഭവമായി മാറിക്കൊണ്ടിരിക്കുന്നു. നിരന്തരമായി ചൂഷണങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന കർഷകരെ അവ തിരിച്ചറിയുന്നതിനും പ്രതിരോധിക്കുന്നതിനും വേണ്ടി പ്രാപ്തമാക്കുന്നതിന് വേണ്ടിയാണ് ഈ പ്രസ്ഥാനം പ്രത്നിച്ചുകൊണ്ടിരിക്കുന്നത്.

കോളനികാലത്തിൽ തുടങ്ങി ആഗോളവൽക്കരണത്തിലെത്തിനിൽക്കുന്ന ചൂഷണകലയുടെ വിവിധ ഘട്ടങ്ങൾ കർഷകനെ ആത്മഹത്യയിലേക്ക നയിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിലെത്തിനിൽക്കുമ്പോൾ കടക്കെണിയിൽ കുടുങ്ങി (അർഹതപ്പെട്ട ആനുകൂല്യംപോലും ലഭ്യമാകാതെ) കർഷകർ വയനാട്ടിൽ ആത്മഹത്യ ചെയ്തു തുടങ്ങിയപ്പോൾ രൂപം കൊണ്ട ഈ പ്രസ്ഥാനത്തെ അടുത്തറിയുന്നത് നന്നായിരിക്കും.

ഫാമേഴ്സ് റിലീഫ് ഫോറത്തിന്റെ സെൻട്രൽ കമ്മിറ്റി ചെയർമാൻ എ.സി. വർക്കി കർഷകരുടെ പ്രശ്നങ്ങളെപ്പറ്റി സംസാരിക്കുന്നത് ശ്രദ്ധിക്കുക.

ഫാമേഴ്സ് റിലീഫ് ഫോറം ആരംഭിക്കുന്നതിനുണ്ടായ സാഹചര്യം?

വിളനാശങ്ങളിൽപ്പെട്ട് കടങ്ങൾ തിരിച്ചടക്കാനാവാതെ ദുരിതമനുഭവിച്ചിരുന്ന കർഷകർക്ക് ആശ്വാസമായി ഒരു പാക്കേജ് കേന്ദ്ര സർക്കാർ 1990–ൽ പ്രഖ്യാപിക്കുകയുണ്ടായി. വി.പി. സിംഗിന്റെ നേതൃത്വത്തിൽ കേന്ദ്രം ഭരിച്ചിരുന്ന ദേശീയ മുന്നണി സർക്കാർ ആണ് ഈ തീരുമാനമെടുത്തത്. 1989 ഒക്ടോബർ രണ്ടു വരെയുള്ള അടച്ചുതീരാത്ത 10,000 രൂപ വരെയുള്ള മുഴുവൻ കടങ്ങളും 'അഗ്രികൾച്ചറൽ ആൻഡ് റൂറൽ ഡെബ്റ്റ് റിലീഫ് സ്കീം 1990' എന്ന പദ്ധതി പ്രകാരം എഴുതിതള്ളണം എന്നതായിരുന്നു അന്നത്തെ സർക്കാർ തീരുമാനം.

അർഹതപ്പെട്ട കർഷകരെ കണ്ടെത്തി അവർക്കാശ്വാസമായി ഈ സ്കീം നടപ്പിലാക്കുന്നതിനു പകരം അനർഹരായ പലരുടെയും കടങ്ങൾ എഴുതിതള്ളുകയും അർഹരായ പല കർഷകർക്കും ഈ ആനുകൂല്യം നിഷേധിക്കുകയും അവരുടെ കടങ്ങളിന്മേൽ ജപ്തി നടപടികൾ സ്വീകരിക്കുകയും ചെയ്യുകയുണ്ടായി. അതോടെ അശരണരായ ചില കർഷകർ ആത്മഹത്യ ചെയ്തു. ഇതിൽ 1990 ജനുവരി 31–ന് തൊണ്ടർനാട് പഞ്ചായത്തിലെ വെളിയത്ത് പൗലോസ് ആത്മഹത്യ ചെയ്ത വിവരം വളരെയേറെ കോളിളക്കം സൃഷ്ടിക്കുകയുണ്ടായി. അയാളുടെ അപ്പൻ 1979–ൽ മാനന്തവാടി സിൻഡിക്കേറ്റ് ബാങ്കിൽനിന്നും ആയിരം രൂപ കടമെടുത്തിരുന്നു. ഇത് 1988–ൽ പലിശസഹിതം റവന്യൂ റിക്കവറിക്ക് ഉത്തരവായി. തുടർന്ന് മാർച്ചിൽ പൗലോസ് 2500 രൂപ കടത്തിലേക്ക് തിരിച്ചടച്ചു. ബാക്കി സംഖ്യ 11 തുല്യ ഗഡുക്കളായി തിരിച്ചടയ്ക്കാൻ ജില്ലാ കളക്ടർ ഉത്തരവിടുകയുണ്ടായി. 1990 ജനുവരി 31–ന് ഈ കാലാവധി അവസാനിക്കുന്നതിന്റെ രണ്ടു നാൾ മുമ്പ് ജനുവരി 29–ന് റവന്യൂ ഉദ്യോഗസ്ഥർ കൊണ്ടുപോയി. ഇതേ തുടർന്ന് മാനസികമായി തകർന്ന പൗലോസ് ജനുവരി 31–ന് ആത്മഹത്യ ചെയ്തു. ഒരാളുടെ പിതാവെടുത്ത വായ്പസംഖ്യ തിരിച്ചുപിടിക്കാൻ മകന്റെ സ്വത്ത് ജപ്തി ചെയ്യാൻ പാടില്ലെന്ന് പാലക്കാട് പ്രിൻസിപ്പൽ മുൻസിഫ് കോടതിയിൽനിന്നും അതേ മാസം ഒരു ഉത്തരവുണ്ടായിരുന്നു. എന്നിട്ടും പൗലോസിന്റെ കാര്യത്തിൽ ഇതൊന്നും സഹായമായില്ല. കാർഷിക കടാശ്വാസ പദ്ധതിയുടെ ഭാഗമായി എഴുതിതള്ളേണ്ട കടമായിരുന്നു ഇത്. പിന്നീട് ബാങ്ക് കടം എഴുതി തള്ളി. അപ്പോൾ പിന്നെ പൗലോസ് ആത്മഹത്യചെയ്യേണ്ടി വന്നത് എന്തിനുവേണ്ടിയായിരുന്നു? 1990 മാർച്ചിൽ ഇരുളത്തെ ചുണ്ടക്കൊല്ലി ശ്രീധരൻ ജപ്തിനടപടികൾ ഭയന്ന് ആത്മഹത്യ ചെയ്തു. കാർഷിക കടാശ്വാസ പദ്ധതിമൂലം ആനുകൂല്യം ലഭിക്കേണ്ട രണ്ടായിരത്തോളം കർഷകരെ സംഘടിപ്പിച്ച് ഒരു ഏകോപന സമിതിയുണ്ടാക്കി ജപ്തി നടപടികൾക്കെതിരേ കളക്ടറേറ്റ് മാർച്ച് നടത്തി. ഹൈക്കോടതിയിൽ കേസുംകൊടുത്തു. കർഷകസർ ഇത്രയേറെ ദുരിതങ്ങൾ അനുഭവിച്ച ഈ സാഹചര്യത്തിലും കർഷകർക്കുവേണ്ടി ശബ്ദിക്കാൻ ഒരു സംഘടനയും ധൈര്യപ്പെട്ടു മുന്നോട്ടു വന്നില്ല. ഈ സാഹചര്യത്തിലാണ് 'ഫാമേഴ്സ് റിലീഫ് ഫോറം' എന്ന ആശയം ഒരു സംഘടനയായി യാഥാർഥ്യമായത്.

കർഷകൻ നേരിടുന്ന പ്രശ്നങ്ങൾക്ക് ഫാമേഴ്സ് റിലീഫ് ഫോറം മുന്നോട്ടുവെച്ച പ്രാരംഭ പ്രവർത്തനങ്ങൾ?

കാർഷിക സമ്പദ്‌വ്യവസ്ഥയാണ് ഇന്ത്യയുടേത്. ഇവിടത്തെ കർഷകർ എന്നിട്ടും അസംഘടിതരാണ്. വ്യത്യസ്ത കൃഷിയുടെ പേരിൽ തട്ടുതിരിച്ച് പ്രത്യേകം പ്രത്യേകം സമിതികളുണ്ടാക്കി കർഷകരെ പരസ്പരം മത്സരിക്കുന്ന അവസ്ഥയിലാക്കി മാറ്റിയിരിക്കുന്നു. അന്തർദേശീയ കുത്തകകളുടെ സ്ഥാപിത താല്പര്യങ്ങൾക്കനുസരിച്ച് പരീക്ഷണങ്ങൾക്കും ചൂഷണങ്ങൾക്കുമുള്ള ഒരു ഉപകരണം മാത്രമായി കർഷകൻ തകർന്നിരിക്കുന്നു. നമ്മുടെ തനതു കാർഷിക ഘടനയെ തകർത്ത് ആശ്രിത ഘടന വളർത്തി കർഷകരെ അതിൽ കുടുക്കിയിരിക്കുന്നു. ഈ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ കർഷകരെ ചൂഷണ വിമുക്തമാക്കുന്നതിനായി കർഷകരുടെ അവകാശപത്രികയടങ്ങുന്ന ഒരു ഭീമഹർജി ബഹുമാനപ്പെട്ട ഇന്ത്യൻ 'പ്രധാനമന്ത്രിക്ക് ഫാമേഴ്സ് റിലീഫ് ഫോറം സമർപ്പിക്കുകയുണ്ടായി.

ഫാമേഴ്സ് റിലീഫ് ഫോറത്തിന്റെ ഇപ്പോഴത്തെ ഘടന?

ഫാമേഴ്സ് റിലീഫ് ഫോറത്തിന്റെ സെൻട്രൽ കമ്മിറ്റി വയനാട്ടിലെ നടവയലിലാണ് 21 അംഗ സെൻട്രൽ കമ്മിറ്റിയുടെ ചെയർമാൻ എ.സി. വർക്കിയും കെ.വി. ഫ്രാൻസിസ് കോഴിക്കോട്, തോമസ് കളപ്പുര കണ്ണൂർ എന്നിവർ ജനറൽ സെക്രട്ടറിമാരുമാണ്.

സെൻട്രൽ കമ്മിറ്റിക്ക് താഴെ മൂന്നു മേഖലാ കമ്മിറ്റികളാണുള്ളത്. മലബാർ മേഖല, മധ്യമേഖല, തിരുവനന്തപുരം മേഖല. ഈ മേഖലാ കമ്മിറ്റികൾക്കു കീഴെ വില്ലേജ് യൂണിറ്റുകൾ – ഈ ഘടനയിലാണ് ഫാമേഴ്സ് റിലീഫ് ഫോറം വളർന്നുകൊണ്ടിരിക്കുന്നത്. കടക്കെണിയിൽപ്പെട്ട് കഷ്ടപ്പെടുന്ന കർഷകരെ സഹായിക്കുക നാടിന്റെ അടിസ്ഥാന സാമ്പത്തിക ശക്തിയായ കർഷകർക്ക് അവരുടെ ശക്തിബോധ്യപ്പെടുത്തികൊടുക്കക, അന്തർദേശീയ കുത്തകകളുടെ ചൂഷണത്തിനെതിരെ പ്രതിരോധമുയർത്തുക എന്നീ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സംഘടന കേരളത്തിൽ ഇന്ന് അതിവേഗം വളർന്നുകൊണ്ടിരിക്കുകയാണ്.

ആശ്രിത കാർഷിക വ്യവസ്ഥിതിയിലെത്തി നിൽക്കുന്ന കർഷകരെ മുക്തരാക്കുന്നതെങ്ങനെ?

നിലവിലുള്ള കാർഷികരീതി കർഷകനെ കൂടുതൽ കൂടുതൽ കടബാധ്യതകളാൽ വരിഞ്ഞുമുറുക്കുന്നവയാണ്. കാർഷിക മേഖലയിൽ ഉല്പാദനം വർധിപ്പിക്കാനെന്ന പേരിൽ സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കാർഷിക പരീക്ഷണങ്ങളാണ് കർഷകനെ ഈ അവസ്ഥയിലെത്തിച്ചത്. ഇതേ രീതികൾ തുടർന്നുകൊണ്ടിരുന്നാൽ കർഷകർ ദരിദ്രരാകുകയും പിടിച്ചുനിൽക്കാനാവാതെ ആത്മഹത്യ ചെയ്യേണ്ടതായും വരും. ഇതിനെ പ്രതിരോധിക്കണമെങ്കിൽ നിലവിലുള്ള കാർഷികരീതിയിൽ പരിപോഷിക്കപ്പെടുന്നതിലൂടെയേ അതിനു സാധ്യമാകൂ. കൃത്രിമ വിത്തിനങ്ങളും കീടനാശിനികളും കൃത്രിമവളങ്ങളും ഉപേക്ഷിക്കണം. പകരം മണ്ണിനെ ജൈവ സമ്പന്നമാക്കണം. അതിനായി ജൈവവളങ്ങളും ജൈവകീടനാശിനികളും മാത്രം ഉപയോഗിക്കണം. കൃത്രിമരീതിയിലുള്ള കാർഷിക വൃത്തിയിലൂടെ നാം നേടിയെടുക്കുന്ന അധികവിളവ് ഉണ്ടാക്കിതരുന്ന സാമ്പത്തിക വരുമാനത്തിന്റെ പതിരട്ടി ആരോഗ്യപ്രശ്നങ്ങളാൽ ചിലവാക്കേണ്ടിവരുന്നു. അപ്പോൾ യഥാർഥ ലാഭം വിത്ത് – വള – കീടനാശിനി നിർമാതാക്കളുടെയും ഫാർമസ്യൂട്ടിക്കൽ കമ്പനികളുടേതുമാണ്. ആരോഗ്യമുള്ള കർഷകൻ ഇല്ലാതാകുന്നതോടെ ആരോഗ്യമുള്ള കൃഷിയും ഇല്ലാതാകുന്നു. നാടൻ കാർഷിക രീതികൾ പിൻതുടരുന്നതിലൂടെ മാത്രമേ ആരോഗ്യമുള്ള ജനതയും രാഷ്ട്രവും നിലനിൽക്കൂ. അതിനായി സർക്കാരിന്റെ കാർഷികനയങ്ങളിൽ അടിസ്ഥാനപരമായി മാറ്റങ്ങൾ അനിവാര്യമാണ്. കമ്പോസ്റ്റ് വളങ്ങളും നാടൻ വിത്തുകളും പ്രോത്സാഹിപ്പിക്കപ്പെടണം.

കർഷകനെ നേരിട്ട് ബാധിക്കുന്ന പ്രശ്നങ്ങൾ?

ഭക്ഷണം തേടിയെത്തുന്ന ആനക്കൂട്ടങ്ങൾ വനാതിർത്തിയിൽ കഴിയുന്ന കർഷകരുടെ കൃഷിഭൂമികൾ മുഴുവൻ നശിപ്പിക്കുന്നു. വനങ്ങളിലെ മുളകൾ വ്യാപകമായി മുറിച്ചുകടത്തുന്നതുമൂലമാണ് ഈ അവസ്ഥ ഉണ്ടാകുന്നത്. മാവൂർ റയോൺസിനുവേണ്ടി സർക്കാർ ചെയ്യുന്ന ഈ നടപടി നേരിട്ടു ബാധിക്കുന്നത് കർഷകനെയാണ്.

മാനന്തവാടി പദ്ധതി നിലവിൽ വരുമ്പോൾ കുടിയിറക്കപ്പെടുന്ന കർഷകരുടെ വെള്ളത്തിലായിപ്പോകുന്ന കൃഷിഭൂമിയും ആ പദ്ധതിയുടെ പ്രോയോജനവുമായി ബന്ധപ്പെടുത്തി നോക്കുമ്പോൾ വൻ നഷ്ടമായിരിക്കും. അതോടൊപ്പം വയനാടുപോലുള്ള ഒരു പ്രദേശത്ത് ഡാം ഉണ്ടാക്കുന്ന ഭൂമി ശാസ്ത്രപരമായി പ്രശ്നങ്ങൾ വിലയിരുത്താനാവാത്തതാണ്.

പാണ്ടിയാർ – പുന്നപ്പുഴ പദ്ധതി നടപ്പിലാക്കുന്നതിന് നമ്മുടെ സർക്കാർ രഹസ്യമായി തമിഴ്നാട് സർക്കാരിന് അനുമതി നല്കിയിരിക്കുന്നു. ഈ പദ്ധതി നിലവിൽവരുന്നതോടെ കോഴിക്കോട് മലപ്പുറം ജില്ലകളിലെ 28 പഞ്ചായത്തുകൾ മരുഭൂമിയായിത്തീരും. കേരള സർക്കാരിന്റെ ജനവഞ്ചനാപരമായ ഈ പ്രവൃത്തികൾ കർഷകർ തിരിച്ചറിയേണ്ടതുണ്ട്.

(തുടരും....)

**സി.ആർ. കൃഷ്ണൻകുട്ടി,**
**തൃക്കൈപ്പറ്റ.**